LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം

15 [3359] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം—ഓഗ്മെന്റേഷൻ സ്റ്റേജ് 2" എന്ന പദ്ധതിക്ക് കുളിമാട് പമ്പ് ഹൗസിൽ വൈദ്യുതി ലഭ്യമാക്കാൻ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ വൈദ്യുതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് എത്ര തുക അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ്;

(സി) എത്ര തുക അടയ്ക്കണമെന്നാണ് കെ.എസ്.ഇ.ബി. നിർദ്ദേശിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമായ എസ്റ്റിമേറ്റും കെ.എസ്.ഇ.ബി. തയ്യാറാക്കി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കറന്റ് ചാർജ്ജിനത്തിൽ കുടിശ്ശികയായി 6.59 കോടി രൂപ അടയ്ക്കാൻ ഉള്ളതിനാൽ അഡീഷണൽ പവർ അലോക്കേഷൻ നല്കിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ തുക അടച്ചിട്ടില്ല.

(സി) നിലവിലുള്ള കുടിശ്ശിക അടച്ചു തീർക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) കുടിശ്ശിക പൂർണ്ണമായും അടയ്ക്കുന്ന മുറയ്ക്കു മാത്രമേ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിക്ക് നൽകാനാകു.

വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കൽ

16 [3360] ശ്രീ. ഇസഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കണക്ഷൻ നൽകുന്നതിന് വൈദ്യുത പോസ്റ്റുകളുടെ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;